DESPATCHED
17/05/22




**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**

**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**

**E-mail: sic.ker@nic.in**


**ഹർജി നമ്പർ AP No. 1085(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.5254/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 13.05.2022**

**ശ്രീ. മുഹമ്മദ് ആത്തിഫ് കെ.കെ,**
**കോളയത്ത് കാട്ടി ഹൗസ്,**
**കണ്ടോത്ത് പി.ഒ,**
**കിഴക്കെകൊവ്വൽ,**
**പയ്യന്നൂർ, കണ്ണൂർ – 670 307.** } **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
   **ജോയിന്റ് രജിസ്ട്രാർ 1,**
   **പരീക്ഷാ വിഭാഗം,**
   **കണ്ണൂർ യൂണിവേഴ്സിറ്റി,**
   **താവക്കര, സിവിൽ സ്റ്റേഷൻ പി.ഒ,**
   **കണ്ണൂർ – 670 002.**
2. **അപ്പീൽ അധികാരി &**
   **പരീക്ഷാ കൺട്രോളർ,**
   **കണ്ണൂർ യൂണിവേഴ്സിറ്റി,**
   **താവക്കര, സിവിൽ സ്റ്റേഷൻ പി.ഒ,**
   **കണ്ണൂർ – 670 002.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 12/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 06/01/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/02/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17/04/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/10/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 06/05/2022<br>ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, കണ്ണൂർ |
| | |

| ഹിയറിംഗിലെ സാന്നിധ്യം: | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

# <u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരനായ ശ്രീ. മുഹമ്മദ് ആത്തിഫ് കെ.കെ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് ടി എതിർകക്ഷി ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾക്ക് വിവരാവകാശ നിയമം 2005 പ്രകാരം പേജ് ഒന്നിന് 2/- രൂപ നിരക്കിലും കൂടാതെ സർവ്വകലാശാല ഫണ്ടിലേയ്ക്ക് പേപ്പർ ഒന്നിന് 225/- രൂപ അടയ്ക്കുവാനും റിവാല്യൂവേഷൻ സ്കോർഷീറ്റിന്റെ പകർപ്പ് നൽകാനാവില്ലെന്നുമാണ് അറിയിച്ചതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ, സ്കോർ ഷീറ്റ് ഉൾപ്പെടെ വിവരാവകാശ നിയമപ്രകാരമുള്ള നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 12.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ഹർജിക്കാരൻ എഴുതിയ 2019 ഒക്ടോബർ/നവംബർ മൂന്നാം സെമസ്റ്റർ പരീക്ഷയുടെ (1) റിസർച്ച് ആന്റ് മെത്തഡോളജി (2) ബിസിനസ്സ് റെഗുലേറ്ററി ഫ്രെയിം വർക്ക് (3) ഡിസാസ്റ്റർ മാനേജ്മെന്റ് എന്നീ വിഷയങ്ങളുടെ ആൻസർ ബുക്ക്ലെറ്റിന്റെ പകർപ്പ് നൽകണമെന്നാണ്.

3. ഹർജിക്കാരന്റെ 12.12.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 06.01.2021 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ 20.01.2021 ൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലിന് 08.02.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 07.10.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ഉത്തരക്കടലാസുകളുടെ പകർപ്പിന് സർവ്വകലാശാല നിശ്ചയിച്ച സമയപരിധിയ്ക്കുള്ളിൽ നിശ്ചിത ഫീസടച്ച് അപേക്ഷിക്കാതിരു

ന്നതിനാൽ ടി പകർപ്പുകൾ നൽകാൻ കഴിയില്ലെന്നും എന്നാൽ ടി ഉത്തരക്കടലാസുകൾ നേരിട്ട് പരിശോധിക്കുന്നതിന് ടിയാനെ 06.01.2021 ൽ അറിയിച്ചിരുന്നുവെന്നും ആയത് പ്രകാരം അപേക്ഷകൻ സർവ്വകലാശാലയിലെത്തി ടിയാന്റെ ഉത്തരക്കടലാസുകൾ പരിശോധിച്ചുവെന്നും ആവശ്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടെന്നുമാണ്. ആയതിനു ശേഷം ടിയാൻ 27.01.2021 ൽ സമർപ്പിച്ച ഒന്നാം അപ്പീലിൽ ടിയാൻ ആരോപിച്ചത് ടിയാന്റെ ഉത്തരക്കടലാസ് പരിശോധിക്കുവാൻ അനുവദിച്ചെങ്കിലും അതിന്റെ പകർപ്പ് നൽകിയില്ലെന്നും സ്കോർ ഷീറ്റ് ഉൾപ്പെടെയുള്ള ഉത്തരക്കടലാസുകളുടെ പകർപ്പുകൾ ലഭ്യമാക്കണമെന്നുമാണ്. ആയതിന് ടിയാന് 08.02.2021 ൽ മറുപടി നൽകിയിട്ടുണ്ടെന്നും കണ്ണൂർ സർവ്വകലാശാലയിൽ ഓരോ പരീക്ഷയുടേയും ഫലം പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ഉത്തരക്കടലാസുകളുടെ പകർപ്പിനായി അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾക്ക് നിശ്ചിത സമയം അനുവദിക്കാറുണ്ടെന്നും നിശ്ചിത തുക ഈടാക്കി പകർപ്പുകൾ അനുവദിക്കാറുണ്ടെന്നും ഇതിനാവശ്യമായ മാർഗനിർദ്ദേശങ്ങൾ സർവകലാശാല ഔദ്യോഗിക വെബ്സൈറ്റിലും ഓരോ പരീക്ഷാഫല പ്രഖ്യാപനത്തിനുശേഷം ഇത്തരം അറിയിപ്പ് എല്ലാ പ്രമുഖ പത്രങ്ങളിലും പ്രസിദ്ധീകരിക്കാറുണ്ടെന്നുമാണ്. സർവ്വകലാശാലയിൽ ഓരേ സമയം പല പരീക്ഷകളും നടക്കാറുള്ളതിനാൽ ലക്ഷക്കണക്കിന് ഉത്തരക്കടലാസുകളാണ് ഒരേ സമയം സ്റ്റോറിൽ സൂക്ഷിക്കുന്നതെന്നും ഒരു നിശ്ചിത കാലയളവിനു ശേഷം ടി ഉത്തരക്കടലാസുകൾ വില്പന നടത്തുകയുമാണ് ചെയ്യുന്നതെന്നും സ്റ്റോറിൽ നിന്നും ഉത്തരക്കടലാസുകൾ തെരഞ്ഞ് കണ്ടുപിടിക്കുക എന്നത് വളരെയധികം അദ്ധ്വാനം ഉള്ള ജോലിയാണെന്നും ആയതുകൊണ്ടാണ് പുനർമൂല്യ നിർണ്ണയം, സ്ക്രൂട്ടിനി, ഫോട്ടോ കോപ്പി എന്നിവയ്ക്ക് ഒരു നിശ്ചിത കാലയളവ് വ്യക്തമാക്കികൊണ്ട് വിദ്യാർത്ഥികൾക്ക് അറിയിപ്പ് നൽകുന്നതെന്നും ഒരു ഉത്തരക്കടലാസിന്റെ കോപ്പിയ്ക്ക് 225/- രൂപ സർവ്വകലാശാല നിശ്ചയിച്ചിരിക്കുന്നതെന്നുമാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. സർവ്വകലാശാല നിശ്ചയിച്ച സമയപരിധിക്കുള്ളിൽ സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള ഫീസൊടുക്കി അപേക്ഷിക്കാതെ എല്ലാ വിദ്യാർത്ഥികളും വിവരാവകാശ നിയമപ്രകാരം ഉത്തരക്കടലാസുകളുടെ പകർപ്പുകൾ ലഭ്യമാക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചാൽ, സർവ്വകലാശാലയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾക്കായി വിനിയോഗിക്കപ്പെടേണ്ട ജീവനക്കാരുടെ അദ്ധ്വാനം ഇതിനായി

RIGHT TO INFORMATION

ഉപയോഗിക്കേണ്ടി വരുന്നത് സർവ്വകാലാശാലയുടെ പ്രവർത്തനത്തേയും വരുമാനത്തേയും സാരമായി ബാധിക്കുമെന്നും സ്കോർഷീറ്റിൽ പ്രസ്തുത ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തിയ അദ്ധ്യാപകന്റെ വിവരങ്ങൾ (മൂന്നാം കക്ഷിയുടെ) ഉൾപ്പെടുന്നതുകൊണ്ടാണ് രഹസ്യസ്വാഭാവമുള്ള സ്കോർ ഷീറ്റ് അനുവദിക്കാത്തതെന്ന് അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും എതിർകക്ഷികൾ നൽകിയ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തികൊണ്ടാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 06.05.2022 ൽ കമ്മീഷൻ കണ്ണൂർ ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജികക്ഷി വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും വ്യത്യസ്ത ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. യൂണിവേഴ്സിറ്റി നിയമം അനുസരിച്ചാണ് ഉത്തരം നൽകിയിട്ടുള്ളത് എന്നാണ് എതിർകക്ഷിയുടെ മൊഴിയിൽ പറഞ്ഞത്. ഹർജികക്ഷി നൽകിയ മൊഴിയിൽ രേഖപ്പെടുത്തിയിട്ടുള്ളത് വിവരാവകാശ നിയമപ്രകാരം അപേക്ഷിച്ച അപേക്ഷയിന്മേൽ വിവരാവകാശ നിയമം അനുശാസിക്കുന്നതിൽ കൂടുതൽ ഫീസ് വാങ്ങാൻ പാടില്ല എന്നാണ്. ഇരുകക്ഷികളേയും കേട്ട ശേഷം ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് മാത്രം വാങ്ങി ടിയാന് നൽകേണ്ടതാണ് എന്നും സ്കോർ ഷീറ്റിൽ അദ്ധ്യാപകന്റെ പേരും മറ്റും നൽകേണ്ടതില്ല എന്നും ആയത് മറച്ചുവച്ച് പകർപ്പെടുത്ത് നൽകാവുന്നതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2022 മെയ് മാസം 13-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION